**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74** **30-06-2022 - ൽ മറുപടിയ്ക്ക്**

**നദികളിലെ ചെളിയും മണലും നീക്കം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നദികളിൽ കെട്ടിക്കിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കാലാകാലങ്ങളിൽ, പ്രത്യേകിച്ചും 2018-2021-ൽ ഉണ്ടായ അതിശക്തമായ മഴയും മണ്ണിടിച്ചിലും വെള്ളപ്പൊക്കവും മൂലം ചെളിയും മണലും എക്കലും മറ്റ് പാഴ് വസ്തുക്കളും നദികളിൽ അടിഞ്ഞ് കൂടുകയും തൻമൂലം നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട് . പ്രസ്തുത തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പിന് കീഴിലുള്ള സാങ്കേതിക വിദഗ്ധരുടെ നേതൃത്വത്തിൽ പ്രാഥമിക വിവര ശേഖരണം നടത്തി. കൂടാതെ, പ്രളയം കൂടുതലായി ബാധിച്ച നദികളായ അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ എന്നീ നദികളിൽ അടിഞ്ഞ് കൂടിയ എക്കൽ, മണൽ, ചെളി എന്നിവയുടെ അളവ് നിർണ്ണയി ക്കുവാനുള്ള പഠനവും മറ്റ് വിവരശേഖരണവും ജലസേചന വകുപ്പിന് കീഴിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, മറ്റു നദികളുടെ ചാർജ്ജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും മുഖാന്തിരം നടത്തി. ടി പഠനത്തിന്റെയും ലഭിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ നദികളുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഏതെല്ലാം നദികളിൽ മണൽ ഓഡിറ്റ് നടത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ 31 നദികളുടെ മണൽ ഓഡിറ്റ് 2012-2022 കാലയളവിൽ റവന്യൂ വകുപ്പ് നടത്തിയിട്ടുണ്ട്. നെയ്യാർ, കരമന, വാമനപുരം, ഇത്തിക്കര, കല്ലട, കുളത്തൂപ്പുഴ, അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടി, കരുവന്നൂർ, കേച്ചേരി, ഗായത്രിപ്പുഴ, ഭാരതപ്പുഴ (സ്ട്രെച്ച് -I, സ്ട്രെച്ച്-II, സ്ട്രെച്ച് -III), കടലുണ്ടിപ്പുഴ, ചാലിയാർ, കുറ്റ്യാടി, കബനി, അഞ്ചരക്കണ്ടി, പെരുമ്പ, വളപട്ടണം, മാഹി, |

ശ്രീകണ്ഠപുരം, വള്ളിത്തോട്, ചന്ദ്രഗിരി (പാർട്ട് 1, പാർട്ട് 2), ഉപ്പള, മൊഗ്രാൽ, ഷിറിയ എന്നീ നദികളുടെ മണൽ ഓഡിറ്റിങ് ആണ് റവന്യൂ വകുപ്പ് നടത്തിയിട്ടുള്ളത്.

കേരളത്തിൽ 2018-ാമാണ്ട് ആഗസ്റ്റ് 1-ാം തീയതി മുതൽ 19-ാം തീയതി വരെ 758.6mm മഴ ലഭിക്കുകയുണ്ടായി. ഇത് ഈ കാലയളവിൽ ലഭിക്കേണ്ട മഴയെക്കാൾ 164%(ശതമാനം) കൂടുതലാണ്. അതുപോലെ, 2021-ാം -മാണ്ട് ഒക്ടോബർ 1 മുതൽ 19-ാം തീയതി വരെ 453.5mm മഴ കേരളത്തിന് ലഭിക്കുകയുണ്ടായി, ഇത് ഈ കാലയളവിൽ ലഭിക്കേണ്ട മഴയുടെ അളവിനെക്കാൾ ഏകദേശം 135%(ശതമാനം) അധികമാണ്. കൂടാതെ 2019, 2020 വർഷങ്ങളിലും കേരളത്തിൽ അതിശക്തമായ മഴ ലഭിക്കുകയുണ്ടായി. കുറഞ്ഞ സമയത്തിനു ള്ളിൽ കൂടുതൽ മഴ ഭിച്ചതുമൂലം 2018-ാം മാണ്ട് കേരളത്തിൽ മഹാ പ്രളയത്തിനും, തുടർന്നുള്ള വർഷങ്ങളിൽ വെള്ളപ്പൊക്ക ത്തിനും, മണ്ണിടിച്ചിലിനും കാരണമായി. ഇതിന്റെ അനന്തര ഫലമായി കേരളത്തിലെ 44 നദികളിലും വലിയ തോതിൽ ചെളിയും, എക്കലും, മറ്റു പാഴ് വസ്തുക്കളും അടിഞ്ഞു കൂടി, നദികളുടെ സ്വാഭാവിക ഒഴുക്കും വാഹക ശേഷിയും കുറയുന്നതിന് കാരണമായിട്ടുണ്ട്. 2018-ാം-മാണ്ടിലെ പ്രളയത്തെ തുടർന്ന്, കേരളത്തിൽ ഉണ്ടായ പ്രളയത്തിന്റെ കാരണവും, ഭാവിയിൽ ഇവ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനുമായി നെതർലാന്റ്സിൽ നിന്നും, ജലവിഭവ മേഖലയിൽ പ്രാഗൽഭ്യമുള്ള ഒരു സംഘം സന്ദർശിക്കുകയുണ്ടായി. കേരളത്തിൽ ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രളയത്തിന്റെ തോത് ലഘൂകരിക്കുന്നതിനു വേണ്ടി, നെതർലാന്റ് സിൽ വിജയകരമായി നടപ്പിലാക്കി വരുന്ന "റൂം ഫോർ റിവർ" ആശയവും Integrated Water Resources Management (IWRM) ആശയവും കേരളത്തിലും നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനുള്ള ഒരു നിർദ്ദേശം നെതർലാന്റ്സ് സംഘം മുന്നോട്ട് വച്ചു. ഇതിന്റെ ചുവട് പിടിച്ച് സംസ്ഥാനത്തിലെ 44 നദികളിലും അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും, എക്കലും മറ്റു പാഴ് വസ്തുക്കളും മാറ്റി നദികളുടെ സ്വാഭാവിക ഒഴുക്കും, വാഹക ശേഷി വർദ്ധിപ്പിക്കുന്നതിനും, നെതർലാന്റ്സ് മാതൃകയായ "റൂം ഫോർ റിവർ" ആശയം നടപ്പിലാക്കി, പ്രളയ സാധ്യത ലഘൂകരിക്കുന്നതിനുളള നടപടികൾ സർക്കാർ നിർദ്ദേശ പ്രകാരം, ജലസേചന വകുപ്പ് ഒക്ടോബർ 2021-ൽ ഏറ്റെടുത്തു. ഇതിന്റെ ഭാഗമായി

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ 44 നദികളിലും അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും, എക്കലും മറ്റു പാഴ് വസ്തുക്കളുടെയും അളവ് കണക്കാ ക്കുകയും, ഇവ നീക്കം ചെയ്യുന്നതിനുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും നടപ്പിലാക്കി വരുകയും ചെയ്യുന്നു. 44 നദികളിലുമായി 3,04,95,570.66 $M^3$ ചെളിയും എക്കലും മറ്റും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ നിന്നും 25/06/2022-വരെ 89,91,635.82$M^3$ നീക്കം ചെയ്തിട്ടുണ്ട്. 23/02/2022-ന് ഉടക്കം കുറിച്ച പദ്ധതി, 124 ദിവസത്തിനകം 89,91,635.82$M^3$ ചെളിയും എക്കലും, department execution-ൽ കൂടെ മാറ്റുകയും, 29 നദികളിലെ പ്രവൃത്തി പൂർണ്ണമായും തീർക്കുകയും ചെയ്തു. |
| (സി) | നദികളിലെ ഒരു ഭാഗത്ത് അടിഞ്ഞു കൂടികിടക്കുന്ന മണൽ ആഴമുള്ള ഭാഗങ്ങളിലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ജലസേചന വകുപ്പ് മുഖാന്തിരം നദികളിൽ ഒരു ഭാഗത്ത് അടിഞ്ഞ് കൂടി കിടക്കുന്ന മണൽ ആഴമുള്ള ഭാഗങ്ങളിലേക്ക് മാറ്റുന്ന ഒരു പ്രവൃത്തിയും ഇപ്പോൾ നടപ്പിലാക്കിയിട്ടില്ല. ഇതു സംബന്ധമായ ശാസ്ത്രീയ പഠനങ്ങൾക്ക് ശേഷം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത് ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ